മാധ്യമം

Oct 2, 2016

# മത്സ്യോൽപാദനം കൂട്ടാൻ പദ്ധതിയുമായി സി.എം.എഫ്.ആർ.ഐ

● സമുദ്രകൃഷി ജനകീയമാക്കും

**കൊച്ചി:** മത്സ്യോൽപാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ) സമുദ്രകൃഷി ജനകീയമാക്കുന്നു. സമുദ്ര കൂടുകൃഷി, സാങ്കേതികവിദ്യകളുടെ വികസനം, കർഷകസൗഹൃദ വിത്തുൽപാദന കേന്ദ്രങ്ങളുടെ വികസനം, വാണിജ്യപ്രധാന മത്സ്യങ്ങളുടെ വിത്തുൽപാദനം തുടങ്ങിയവയിലൂടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സമുദ്രകൃഷി ജനകീയമാക്കാനാണ് സി.എം.എഫ്.ആർ.ഐയുടെ പദ്ധതി. രാജ്യത്ത് സമുദ്രകൃഷി വിപുലപ്പെടുത്തുന്നതിന് സി.എം.എഫ്.ആർ.ഐ നേതൃത്വം നൽകുന്ന ഓൾ ഇന്ത്യ നെറ്റ്വർക് പ്രോജക്ടിന്റെ അവലോകനയോഗത്തിലാണ് അടുത്ത വർഷം നടപ്പാക്കേണ്ട പദ്ധതിക്ക് രൂപംനൽകിയത്. 42 കോടിയാണ് ദേശീയ കാർഷിക ഗവേഷണ കൗൺസിലിൽ പദ്ധതിക്ക് വകയിരുത്തിയത്.

നിലവിലെ വാണിജ്യപ്രധാനമായ മത്സ്യങ്ങളായ മോത, കാളാഞ്ചി, വളവോടി എന്നിവക്കുപുറമെ മറ്റ് പുതിയ മത്സ്യങ്ങളുടെകൂടി വിത്തുൽപാദന സാങ്കേതികവിദ്യകൾ സി.എം.എഫ്.ആർ.ഐ വികസിപ്പിക്കും. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സമുദ്ര കൂടുകൃഷി വ്യാപിപ്പിക്കും. ഇതിനായി ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾക്ക് അനുയോജ്യമായ മീനുകളെ കണ്ടെത്തുന്നതിന് സർവേ നടത്തും.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ യോഗം ഉദ്ഘാടനം ചെയ്തു. ഐ.സി.എ.ആർ ഇമിററ്റസ് സയന്റിസ്റ്റ് ഡോ. ജി. ഗോപകുമാർ ചർച്ച നിയന്ത്രിച്ചു. കോഓഡിനേറ്റർ ഡോ. എ.കെ. അബ്ദുൽ നാസർ, സി.എം.എഫ്.ആർ.ഐയിലെ സമുദ്രകൃഷി വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു.



*സമുദ്ര കൂടുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ*